"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്നും 3.5 ഏക്കർ സ്ഥലം കേന്ദ്ര സർക്കാരിന്റെ ഭൗമ മന്ത്രാലയത്തിന് കൈമാറി നൽകിയ 11/02/2010-ലെ സ.ഉ.(കൈ)നം.6/2010/മ.തു.വ. റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.13/2024/F&P തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. 15.12.2007 ലെ സ.ഉ.(കൈ)നം.441/07/റവന്യു.
2. 14.03.2008 ലെ സ.ഉ.(കൈ)നം.15/2008//മ.തു.വ.
3. 11.02.2010-ലെ സ.ഉ.(കൈ)നം.6/2010/മ.തു.വ.
4. 03.08.2023 ലെ സ.ഉ.(കൈ)നം.16/2023//മ.തു.വ.
5. എറണാകുളം ജില്ലാ കളക്ടറുടെ 20.12.2023 ലെ എൽ9-7647/2016 നമ്പർ കത്ത്.

**ഉത്തരവ്**

ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി പുതുവൈപ്പിനിൽ 50 ഏക്കർ സ്ഥലം പരാമർശം (1) പ്രകാരം ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ, കൈമാറിക്കിട്ടിയ 50 ഏക്കർ സ്ഥലം തുടർ കൈമാറ്റം പാടില്ലെന്നും ഓഷ്യനേറിയം പദ്ധതിയിലൂടെ ലഭിക്കുന്ന ലാഭവിഹിതം റവന്യു വകുപ്പിന് കൂടി അവകാശപ്പെട്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മേൽ 50 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി പരാമർശം (2) പ്രകാരം 30 വർഷത്തേക്ക് ഏക്കറിന് 1000/- രൂപ നിരക്കിൽ സി.എം.എൽ.ആർ.ഇ. യ്ക്ക് പാട്ടത്തിന് നൽകി ഉത്തരവായിരുന്നു. പാട്ടക്കരാർ രജിസ്റ്റർ ചെയ്തിരുന്നില്ല.

2) പ്രസ്തുത 10 ഏക്കർ സി.എം.എൽ.ആർ.ഇ. യ്ക്ക് പാട്ടത്തിന് അനുവദിക്കുകയും സി.എം.എൽ.ആർ.ഇ. യുമായി ചേർന്ന് പാട്ടക്കരാർ ഔപചാരികമാക്കുകയും ചെയ്യണമെങ്കിൽ പരാമർശം (2) ഉത്തരവ് പ്രകാരം സി.എം.എൽ.ആർ.ഇ. യ്ക്ക് അനുവദിച്ച പാട്ടം റദ്ദ് ചെയ്യേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ഉത്തരവ് പരാമർശം (4) ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

3) പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്നും 3.5 ഏക്കർ സ്ഥലം

പരാമർശം (3) ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാരിന്റെ ഭൗമ മന്ത്രാലയത്തിന് കൈമാറി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം 3.5 ഏക്കർ ഭൂമി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില ഈടാക്കി ഓഷ്യനേറിയം പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഭൗമ മന്ത്രാലയത്തിന് കൈമാറിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൻ പ്രകാരം കാണുന്നില്ല എന്നും വില്ലേജ് രേഖകളിൽ മാറ്റം വരുത്തിയിട്ടില്ല എന്നും ടി സ്ഥലം നേരിൽ പരിശോധിച്ചതിൽ 3.5 ഏക്കർ ഭൂമി പ്രസ്തുത പദ്ധതിയ്ക്കായി അളന്നു തിരിച്ചതായി കാണുന്നില്ല എന്നും കൊച്ചി തഹസിൽദാർ അറിയിച്ചിട്ടുള്ളതായി എറണാകുളം ജില്ല കളക്ടർ പരാമർശം കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) മേൽ സാഹചര്യത്തിൽ പുതുവൈപ്പിനിലെ 50 ഏക്കർ ഭൂമിയിൽ നിന്നും 3.5 ഏക്കർ സ്ഥലം കേന്ദ്ര സർക്കാരിന്റെ ഭൗമ മന്ത്രാലയത്തിന് കൈമാറി നൽകിയ പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (26.06.2024-ലെ ഇനം നം.2233 പ്രകാരം)
റവന്യു വകുപ്പ്.
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

Signed by
Asbina A V
Date: 01-07-2024 13:24:46
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി. എസ്. ന്